**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1289** **01-02-2024 - ൽ മറുപടിയ്ക്ക്**

**മാക്കേകടവ് -നേരേകടവ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചേർത്തല വൈക്കം താലൂക്കുകളെ ബന്ധപ്പെടുത്തുന്ന മാക്കേകടവ്-നേരേകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ചേർത്തല വൈക്കം താലൂക്കുകളെ ബന്ധപ്പെടുത്തുന്ന മാക്കേകടവ്-നേരേകടവ് പാലത്തിന്റെ 55% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 100 പൈലുകളിൽ 96 എണ്ണവും, 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും, എല്ലാ പിയറുകളും, പിയർ ക്യാപ്പുകളും, നാവിഗേഷൻ സ്പാനിലെ 8 ബീമുകളും പൂർത്തിയായിട്ടുണ്ട്. |
| (ബി) | പാലം നിർമ്മാണത്തിൽ പുരോഗതി കൈവരിക്കാത്തതിന്റെ കാരണം അറിയിക്കുമോ; തടസ്സങ്ങൾ പരിഹരിച്ച് പാലം പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 16/06/2016-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി കോടതി വ്യവഹാരം മൂലം സ്ഥലം ലഭ്യമല്ലാത്തതിനാൽ തടസ്സപ്പെട്ടുകയാണ ണ്ടായത്. നിലവിൽ സ്ഥലം പൂർണ്ണമായും ലഭ്യമായി. എന്നാൽ പ്രവൃത്തി തുടരുന്നതിനായി കരാറുകാരൻ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് ലഭ്യമാക്കിയ റിമാർക്സ് പ്രകാരമുള്ള തുകയ്ക്ക് കരാർ ഏറ്റെടുക്കുവാൻ സന്നദ്ധമാണോ എന്ന് നിലവിലുള്ള കരാറുകാരനോട് ആരാഞ്ഞ് ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ